നം.DDDKER/1965/2023-C2

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം -695004
ഫോൺ :0471-2445749, 2445799
e-mail: dir.dairy@kerala.gov.in
cru.ddd@kerala.gov.in

തീയതി:-05-09-2023

**സർക്കുലർ നം . 40 / 2023**

വിഷയം:- ക്ഷീര വികസന വകുപ്പ് - ഡയറക്ടറേറ്റ് - പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളുടെ വാർഷിക പൊതുയോഗം, പ്രസിഡന്റ്/വൈസ് പ്രസിഡന്റ് തെരഞ്ഞെടുപ്പ് , സജീവാംഗത്വം , ഭരണസമിതി തെരഞ്ഞെടുപ്പ് എന്നിവ – മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നത് -സംബന്ധിച്ച്

സൂചന :- 1. 1969 ലെ കേരള സഹകരണ നിയമം വകുപ്പും ചട്ടങ്ങളും, സംഘം നിയമാവലി - രജിസ്ട്രാറുടെ ഉത്തരവുകൾ .
2. ക്ഷീര വികസന വകുപ്പ് ഡയറക്ടറേറ്റ് - സീനിയർ ക്ഷീര വികസന ഓഫീസറുടെ സമർപ്പണം.

സൂചന (1) പ്രകാരം 14/11/2021-ൽ ആനന്ദ് പാറ്റേൺ ക്ഷീരോല്പാദക സഹകരണ സംഘങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് ഭേദഗതികൾ സഹകരണ നിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.അതോടൊപ്പം തന്നെ സംഘത്തിന്റെ നിയമാവലിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ചില ക്ലോസുകൾക്ക് കൂടുതൽ വ്യക്തത വരുത്തണമെന്ന് ഫീൽഡ് തല ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ആവശ്യവും ഉയർന്നിട്ടുള്ളതുമാണ്.

മേൽ സൂചനകൾ പരിഗണിച്ചും നിലവിലുള്ള നിയമ വ്യവസ്ഥകളും രജിസ്ട്രാറുടെ ഇതു സംബന്ധിച്ച ഉത്തരവുകൾക്കും വിധേയമായി താഴെ പറയുന്ന വകുപ്പ്/ചട്ടം/നിയമാവലി ക്ലോസുകളിൽ സ്പഷ്ടീകരണം നൽകുന്നു.

**അംഗത്വം ( വകുപ്പ് 16)**

ആനന്ദ് മാതൃക ക്ഷീരോല്പാദക സഹകരണ സംഘത്തിൽ ഒരു വ്യക്തിയ്ക്ക് സംഘത്തിൽ അംഗത്വം ലഭിക്കുന്നതിനായി വകുപ്പ് 16 , സംഘം നിയമാവലിയിലെ ബന്ധപ്പെട്ട ക്ലോസുകളോടൊപ്പം വകുപ്പ് 16(1) ലെ അഞ്ചാമത്തെ നിബന്ധനയായി താഴെ പറയുന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തിയിരിക്കുന്നു.

ഒരു ക്ഷീരകർഷകൻ ഒരു വർഷത്തിൽ കുറഞ്ഞത് 120 ദിവസത്തിൽ 90 ദിവസം പാൽ

നൽകുകയും, ടിയാൻ സ്വന്തമായി ഒന്നോ അതിലധികമോ പശുക്കളെയോ എരുമകളെയോ വളർത്തുകയും, പ്രസ്തുത ക്ഷീരസംഘത്തിന്റെ പ്രവർത്തന പരിധിയിൽ താമസിക്കുകയും അല്ലെങ്കിൽ സംഘത്തിന്റെ പ്രവർത്തനപരിധിയിൽ, ടിയാന്റെ സ്വന്തം സ്ഥലത്തോ അല്ലെങ്കിൽ പാട്ടത്തിനെടുത്ത സ്ഥലത്തോ ഡയറി ഫാം നടത്തുകയോ ചെയ്യുന്ന പക്ഷം ടിയാനെ അംഗമായി ചേർക്കാവുന്നതാണ് . *(ഒരു വർഷം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ക്ഷീരകർഷകൻ അംഗത്വത്തിന് സംഘത്തിൽ അപേക്ഷ നൽകിയ തിയ്യതിക്ക് തൊട്ട് പുറകിലോട്ടുള്ള ഒരു വർഷം എന്നായിരിക്കും*)

**<u>സജീവാംഗത്വം (വകുപ്പ് 16 B(1), (2)</u>**

ആനന്ദ് മാതൃക ക്ഷീരോല്പാദക സഹകരണ സംഘങ്ങളിൽ തൊട്ടു മുൻപുള്ള 12 മാസങ്ങളിൽ കുറഞ്ഞത് 180 ദിവസത്തിൽ, 500 ലിറ്റർ പാൽ സംഘത്തിൽ നൽകുന്ന അംഗങ്ങളെ മാത്രമേ സജീവാംഗമായി പരിഗണിക്കുകയുള്ളൂ. ടി സജീവാംഗത്വം ഭരണസമിതിയിൽ മത്സരിക്കാനും ഭരണസമിതിയിൽ തുടരുവാനുള്ള യോഗ്യതയായി കണക്കാക്കുന്നതാണ്. തൊട്ടുമുൻപുള്ള '12 മാസങ്ങൾ' എന്നുകൊണ്ട് ഉദ്ദേശിക്കുന്നത് ഏതുസമയത്തും ഒരു വർഷകാലയളവ് പരിശോധിക്കുമ്പോൾ 180 ദിവസങ്ങളിൽ കുറഞ്ഞ് 500 ലിറ്റർ പാൽ പ്രസ്തുത സജീവാംഗത്തിനു ഉണ്ടായിരിക്കണം എന്നുള്ളതാണ്.

**<u>വാർഷിക പൊതുയോഗം</u>**

ആനന്ദ് മാതൃക ക്ഷീരോല്പാദക സഹകരണ സംഘങ്ങളിൽ വാർഷിക പൊതുയോഗത്തിൽ പങ്കെടുക്കുന്നതിന് അംഗങ്ങൾക്ക്, പ്രസ്തുത പൊതുയോഗം നടത്തുന്നതിനായി ഭരണസമിതി തീരുമാനമെടുത്ത തിയ്യതിക്ക് തൊട്ടുപുറകിലോട്ടുള്ള ഒരു വർഷത്തിൽ 180 ദിവസത്തിൽ കുറയാതെ പാൽ നൽകിയിരിക്കുകയും പാൽ നൽകിയ ദിവസങ്ങളുടെ എണ്ണം 180-ൽ കുറവാണെങ്കിൽ മുൻകൊല്ലം (*വാർഷിക പൊതുയോഗം ചേരുന്നതിനായി ഭരണസമിതി തീരുമാനമെടുത്ത തിയ്യതിക്ക് തൊട്ട് മുൻപുള്ള ഒരു വർഷത്തിൽ)* ആകെ സംഘത്തിന് നൽകിയ പാലിന്റെ അളവ് 500 ലിറ്റർ കുറവാകുകയോ ചെയ്യാത്ത പക്ഷം പ്രസ്തുത അംഗത്തിന് വാർഷിക പൊതുയോഗത്തിൽ പങ്കെടുക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്.

**<u>പ്രസിഡന്റ്/വൈസ് പ്രസിഡന്റ് ( വകുപ്പ് 28 A B (4) )</u>**

ആനന്ദ് മാതൃക ക്ഷീരോല്പാദക സഹകരണ സംഘങ്ങളിൽ ഭരണസമിതിയിൽ പ്രസിഡന്റ് അല്ലെങ്കിൽ വൈസ് പ്രസിഡന്റ് സ്ഥാനം വനിതകൾക്കായി സംവരണം ചെയ്തിരിക്കുന്നു.

**<u>ഭരണസമിതി തെരഞ്ഞെടുപ്പ് (ചട്ടം 35 A)</u>**

ആപ്കോസിൽ ഭരണസമിതി തെരഞ്ഞെടുപ്പിനുള്ള വോട്ടർപട്ടിക തയ്യാറാക്കുമ്പോൾ തെരഞ്ഞെടുപ്പ് തീയതിക്ക് പുറകിലോട്ടുള്ള 60 ദിവസം കണക്കാക്കി പ്രസ്തുത തീയതിയ്ക്ക് തൊട്ടുമുൻപുള്ള ഒരു വർഷത്തിൽ കുറഞ്ഞത് 180 ദിവസമോ അല്ലെങ്കിൽ 500 ലിറ്റർ പാൽ സംഘത്തിൽ നൽകിയ അംഗങ്ങൾക്ക് മാത്രമായിരിക്കും വോട്ടർപട്ടികയിൽ ഉൾപ്പെടുന്നതിന് യോഗ്യത ഉണ്ടായിരിക്കുകയുള്ളൂ. എന്നാൽ സജീവാഗംങ്ങൾക്ക് മാത്രമേ ഭരണസമിതിയിലേയ്ക്ക് മത്സരിക്കുന്നതിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ.

പരമ്പരാഗത ക്ഷീരസഹകരണ സംഘങ്ങളുടെ നിയമാവലി പ്രകാരം എടുക്കേണ്ട കുറഞ്ഞ എണ്ണം ഓഹരികൾ എടുത്തിട്ടുള്ള എല്ലാ 'A' ക്ലാസ് അംഗങ്ങൾക്കും പ്രസ്തുത ക്ഷീര സംഘത്തിന്റെ ഭരണസമിതിയിലേക്ക് മത്സരിക്കുന്നതിനും വോട്ട് ചെയ്യുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്. { Rule 35A (4A) (വിശദികരണ പ്രകാരം) }

1969 ലെ കേരള സഹകരണ നിയമത്തിലെ വകുപ്പും , ചട്ടങ്ങളും, സംഘം

I/104472/2023

നിയമാവലി,രജിസ്ട്രാറുടെ നയപരമായ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് മേൽ വിശദീകരണങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത് .ആയതിൽ സർക്കാർ കൊണ്ടുവരുന്ന ഭേദഗതികൾക്കനുസൃതമായി മാറ്റം വരുന്നതാണ്.

ഡയറക്ടർ

Signed by
Asif K Yusuf
Date: 05-09-2023 16:45:36

പകർപ്പ് -1) ഡയറക്ടറുടെ മേശപ്പുറത്ത്
2) ജോയിന്റ് ഡയറക്ടർ (ജനറൽ)
3) ഡെപ്യൂട്ടി ഡയറക്ടർ (ജനറൽ)
4) എല്ലാ ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുമാർക്കും
5) എല്ലാ ക്ഷീര പരിശീലന കേന്ദ്രം പ്രിൻസിപ്പാളുമാർക്കും
6) എല്ലാ ക്വാളിറ്റി കൺട്രോൾ ഓഫീസർമാർക്കും
7) എല്ലാ ക്ഷീര വികസന ഓഫീസർമാർക്കും (ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം)
8 ക്ഷീര വികസന ഓഫീസർ-IT വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
9) സി ,ജി സൂപ്രണ്ട്മാർക്ക്
10) സി 1, സി 3, ജി 1,ജി 3സീറ്റുകൾക്ക് (അറിവിലേയ്ക്കായി).